**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6413** **20-03-2023 - ൽ മറുപടിയ്ക്ക്**

**ആദിവാസി കുടുംബങ്ങളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ട്രൈബൽ സെറ്റിൽമെന്റുകളിൽ നിന്നും ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് വനം വകുപ്പ് പദ്ധതി നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. വയനാട് വന്യജീവി ഡിവിഷനിലെ വനത്തിനകത്തെ സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ഗോത്രവർഗ്ഗത്തിൽപ്പെട്ടവരും അല്ലാത്തവരുമായവരെ പുനരധിവസിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ പദ്ധതിയായ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി നിലവിൽ നടപ്പാക്കിവരുന്നുണ്ട്. ഒന്നാംഘട്ട പുനരധിവാസ പദ്ധതി പ്രകാരം 190 ഗോത്രവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ആകെ 19 കോടി രൂപ നൽകിയിട്ടുണ്ട്. ആയതിൽ ഇതുവരെ 129 ഗോത്രവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്.<br>ബാക്കിവരുന്ന 61 കുടുംബങ്ങളിൽ മുഴുവൻ തുകയും അനുവദിച്ച കുറിച്യാട് സെറ്റിൽമെന്റിലെ ഗോത്രവർഗ്ഗത്തിൽപ്പെട്ട 33 കുടുംബങ്ങളുടെ രജിസ്ട്രേഷൻ നടപടി പൂർത്തികരിച്ച് മാറ്റി താമസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ചെട്ടിയാലത്തൂർ സെറ്റിൽമെന്റിലെ 28 കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇവരെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ പദ്ധതിക്കായി ഫണ്ട് ലഭിക്കുന്ന മാർഗങ്ങൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതിക്കായി മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര തുക ലഭിച്ചിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ വിഹിതമായി 60% തുകയും സംസ്ഥാന സർക്കാർ വിഹിതമായി 40% തുകയുമാണ് അനുവദിച്ചത്. ഈ പദ്ധതിക്ക് നാളിതു വരെ 38.94 കോടി രൂപ ലഭിച്ചിട്ടുണ്ട്. ആയതിൽ 38.2 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ആദിവാസികളുടെ പുനരധിവാസത്തിനായി ഭൂമി കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇപ്രകാരം നാളിതുവരെ എത്ര ഏക്കർ ഭൂമി കണ്ടെത്തി വാങ്ങിയിട്ടുണ്ടെന്ന് ഇതിനായി ചെലവഴിച്ച തുക, വാങ്ങിയ ഭൂമിയുടെ സർവേ നമ്പർ എന്നിവ ഉൾപ്പെടെ വിശദമാക്കുമോ? | (സി) | ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ജില്ലാ കളക്ടർ അധ്യക്ഷനായുള്ള ജില്ലാതല ഇമ്പ്ലിമെന്റിംഗ് കമ്മിറ്റിയാണ് സ്വയം സന്നദ്ധപുനരധിവാസ പദ്ധതി നടപ്പാക്കി വരുന്നത്. ടി കമ്മിറ്റിയിൽ വനംവകുപ്പ് കൂടാതെ മറ്റു പ്രധാനപ്പെട്ട വകുപ്പുകളുടെ അംഗങ്ങളും, എൻ.ജി.ഒ അംഗങ്ങളും ഉൾപ്പെടുന്നു. ജില്ലാതല ഇമ്പ്ലിമെന്റിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കൾക്കു അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, വൈദ്യുതി, ഗതാഗതം എന്നി സൗകര്യങ്ങളുള്ള 50 സെന്റിൽ കുറയാത്ത ഭൂമി ജില്ലാതല പർച്ചേസ് കമ്മിറ്റി ഏറ്റെടുത്ത് നൽകി വരുന്നു .<br>കുറിച്യാട് സെറ്റിൽമെന്റ് റീ ലൊക്കേഷനുമായി ബന്ധപ്പെട്ട് ആദിവാസികൾക്ക് ഭൂമി നൽകുന്നതിനായി 19.9962 ഏക്കർ സ്ഥലം കണ്ടെത്തി രജിസ്ട്രേഷൻ നടത്തി ഉപഭോക്താവിന് നൽകിയിട്ടുണ്ട്. പുനരധിവാസ പദ്ധതിക്ക് ഓരോ അർഹതാകുടുംബത്തിനും അനുവദിച്ച 10 ലക്ഷം രൂപ ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി വീടുകൾ വെക്കുന്നതിനായി 4.70 കോടി രൂപയും, ടി ഭൂമി രജിസ്ട്രേഷൻ നടത്തുന്നതിനായി 29,11,364/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ടി ഇനത്തിൽ വാങ്ങിയ ഭൂമിയുടെ സർവ്വേ നമ്പറുകളും സ്ഥലങ്ങളും ചുവടെ ചേർക്കുന്നു.<br><br>സുൽത്താൻ ബത്തേരി താലൂക്ക് കിടങ്ങനാട് വില്ലേജിൽ വടക്കനാട് പ്രദേശത്ത് പള്ളിവയൽ, ചെതലയം എന്നിവിടങ്ങളിൽ വിവിധ സർവ്വെ നമ്പറുകളിലായി - 22/1, 26/4, 95/5, 16/5,6,8, 19/3,4,5, 33/8,9, 147/2, 169/3, 108/2,9,10,11, 106/7, 171/4, സുൽത്താൻ ബത്തേരി താലൂക്ക് ഇരുളം വില്ലേജ് പാപ്ലശ്ശേരി ഭാഗത്ത് സർവ്വെ നമ്പർ -311/1. |

സെക്ഷൻ ഓഫീസർ